"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് കോർപറേഷൻ - ബിൽഡിംഗ് പെർമിറ്റ് നൽകിയതിലെ ക്രമക്കേട് - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത VC-09/2015/NRK നമ്പർ കേസ് - നാലാം പ്രതിയായ കോഴിക്കോട് കോർപറേഷൻ മുൻ സെക്രട്ടറി ശ്രീ.ജോണി സെബാസ്റ്റ്യൻ - കുറ്റവിചാരണ അനുമതി നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2025/2025/LSGD   തീയതി,തിരുവനന്തപുരം, 15-08-2025

---

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഉത്തര മേഖല പോലിസ് സൂപ്രണ്ടിന്റെ 12/2021 തീയതിയിലെ C(VC-09/2015)/NRK)2134/2015/NRK നമ്പർ കത്തും അനുബന്ധ രേഖകളും.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.06.2024 തീയതിയിലെ LSGD/PD/59796/2023-VIGD5 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് കോർപറേഷൻ പരിധിയിലെ കാരപ്പറമ്പ് ലെസ്ലി വില്ലാ കോംപ്ലക്സിനു സമീപം പി.കെ.ഉസ്മാൻ മാനേജിംഗ് പാർട്ടനർ ആയി പി.കെ.സൺസ് എന്ന സ്ഥാപനം നിർമ്മിക്കുന്ന ഫ്ലാറ്റുകളുടെ നിർമ്മാണവുമായി ബന്ധപെട്ട് അഴിമതിയും ക്രമക്കേടുകളും നടന്നതായി ആരോപിച്ച് ശ്രീമതി. ഉഷ രാജകൃഷ്ണൻ സമർപ്പിച്ച പരാതിയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ശ്രീ.പി.വിജയൻ, മുൻ വില്ലേജ് അസിസ്റ്റന്റ്, കച്ചേരി വില്ലേജ് ഓഫീസ്, ശ്രീ.പി.രാധാകൃഷ്ണൻ, മുൻ വില്ലേജ് ഓഫീസർ, കച്ചേരി വില്ലേജ് ഓഫീസ്, ശ്രീ.എം.കെ.ശ്രീജിത്ത്, മുൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോഴിക്കോട് കോർപറേഷൻ, ശ്രീ.ജോണി സെബാസ്റ്റ്യൻ, മുൻ സെക്രട്ടറി, കോഴിക്കോട് കോർപറേഷൻ, ശ്രീ.തിരുനാവകരസു, മുൻ ഡെപ്യൂട്ടി ഡയറക്ടർ,പരിസ്ഥിതി & ഫോറസ്റ്റ് മന്ത്രാലയം, ശ്രീ.പി.കെ.ഉസ്മാൻ, മാനേജിംഗ് ഡയറക്ടർ, എം/എസ് പി.കെ.സൺസ്, കോഴിക്കോട് എന്നിവരെ യഥാക്രമം ഒന്ന് മുതൽ ആറ് വരെയുള്ള പ്രതികളാക്കി VC. 09/2015/NRK നമ്പർ കേസ് രജിസ്റ്റർ ചെയ്തിരുന്നു.

2. ആറാം പ്രതി വിൽപ്പന നടത്തി കൈവശം ഇല്ലാത്ത ഭൂമി ഉൾപ്പെടെ 6 ഏക്കർ 59 സെന്റ് സ്ഥലത്തിന് നികുതി അടക്കുന്നതിന് ഒന്നും രണ്ടും പ്രതികളായ വില്ലേജ് അസിസ്റ്റന്റ്, വില്ലേജ് ഓഫീസർ എന്നിവരുമായി ഗൂഡാലോചന നടത്തുകയും ഒന്നും രണ്ടും പ്രതികൾ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് നികുതി സ്വീകരിച്ചുകൊണ്ട് നികുതി രസീത് നൽകുകയും മൂന്നാം പ്രതി കോഴിക്കോട് കോർപറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ മേൽപ്പറഞ്ഞ കാര്യങ്ങൾ അറിഞ്ഞുകൊണ്ട് ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് മതിയായ അന്വേഷണമോ സ്ഥല പരിശോധനയോ നടത്താതെ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുകയും, നാലാം പ്രതി കോർപറേഷൻ സെക്രട്ടറി മതിയായ അന്വേഷണമോ സ്ഥല പരിശോധനയോ നടത്താതെ പെർമിറ്റ് നൽകുന്നതിന് നോട്ട് ഫയലിൽ അനുവാദം നൽകുകയും, അഞ്ചാം പ്രതി മതിയായ അന്വേഷണമോ സ്ഥല പരിശോധനയോ നടത്താതെ പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുകയും വഴി ഒന്ന് മുതൽ അഞ്ചുവരെ ഉള്ള പ്രതികൾ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് കുറ്റകരമായ ഗൂഡാലോചന നടത്തി ആറാം പ്രതിക്ക് സാമ്പത്തിക നേട്ടം ഉണ്ടാക്കിയതായി

വ്യക്തമായതായും നാലാം പ്രതിയായ മുൻ കോർപറേഷൻ സെക്രട്ടറിയായിരുന്ന ശ്രീ.ജോണി സെബാസ്റ്റ്യനെ കുറ്റവിചാരണ ചെയ്യുന്നതിന് അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഉത്തര മേഖല പോലിസ് സൂപ്രണ്ട് ആവശ്യപ്പെട്ടിരുന്നു.

3. 31/07/2016 തീയതിയിൽ സേവനത്തിൽനിന്നും വിരമിച്ച കോഴിക്കോട് കോർപ്പറേഷൻ മുൻ സെക്രട്ടറി ശ്രീ.ജോണി സെബാസ്റ്റ്യൻ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് മതിയായ അന്വേഷണമോ സ്ഥല പരിശോധനയോ നടത്താതെ ഫ്ലാറ്റ് നിർമ്മാണത്തിന് ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിന് നോട്ട് ഫയലിൽ അനുവാദം നൽകുകവഴി പ്രതി ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് കുറ്റകരമായ ഗൂഡാലോചന നടത്തി ആറാം പ്രതിക്ക് സാമ്പത്തിക നേട്ടം ഉണ്ടാക്കിയതായി വിജിലൻസ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരുന്നു. ടിയാനെ കുറ്റവിചാരണ അനുമതി നൽകുന്ന വിഷയത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടുകയും പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു.

4. ശ്രീ. ജോണി സെബാസ്റ്റ്യൻ 11/08/2008 മുതൽ 30/09/2009 വരെയുള്ള കാലയളവിലാണ് കോഴിക്കോട് കോർപറേഷൻ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിട്ടുള്ളതെന്നും കോഴിക്കോട് ജില്ലയിൽ കച്ചേരി ദേശം അംശത്ത് സർവെ നമ്പർ 64/1 ൽപ്പെട്ട 6 ഏക്കർ 59 സെൻറ് സ്ഥലത്ത് ഡവലപ്മെന്റ് പെർമിറ്റിന് അപേക്ഷിച്ചതിൻ പ്രകാരം 06.08.2003 ന് ശ്രീ. പി.കെ. ഉസ്മാൻ ടീം അബ്ദുറഹിമാൻ എന്നവർക്ക് പെർമിറ്റ് നൽകിയിരുന്നതായും ശ്രീ.പി.കെ.ഉസ്മാൻ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് 09/06/2005 തീയതി കോഴിക്കോട് കോർപ്പറേഷൻ റിവൈസ്ഡ് പ്ലാൻ പാസ്സാക്കി നൽകിയിരുന്നതായും 2004 മുതൽ 2007 വരെ കാലയളവിൽ ശ്രീ. പി.കെ. ഉസ്മാൻ മാനേജിംഗ് പാർട്ടണർ ആയ പി.കെ. സൺസ് എന്ന സ്ഥാപനം 3 ഏക്കർ 93 സെന്റ് സ്ഥലം വിവിധ വ്യക്തികൾക്ക് കൈമാറ്റം ചെയ്തതായും വിൽപ്പന നടത്തിയതിന് ശേഷവും 6 ഏക്കർ 59 സെന്റ് സ്ഥലത്തിന് 26/12/2007 തീയതി ശ്രീ.പി.കെ.ഉസ്മാന്റെ പേരിൽ വില്ലേജ് ഓഫീസിൽ നിന്നും ഭൂനികുതി അടച്ചതായി വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5.കോർപ്പറേഷനിൽ സ്ഥലപരിശോധന ചുമതല 11/08/2008 തീയതിയിലെ സി4-44804/01(02) ഉത്തരവ് പ്രകാരം സെക്രട്ടറി എഞ്ചിനീയറിംഗ് വിഭാഗത്തിന് 11/08/2008 മുതൽ കൈമാറിയിട്ടുണ്ടെന്നും പ്രസ്തുത ഉത്തരവ് പ്രകാരം ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട് സെക്രട്ടറിയുടെ പൂർണ്ണമായ അധികാരം 2500 ച.മീ. വരെ ടൗൺ പ്ലാനിംഗ് ഓഫീസർക്ക് കൈമാറുകയും അതിന് മുകളിലുള്ള നിർമ്മാണങ്ങളിൽ നിർബന്ധമായും പരിശോധന നടത്തി വിവിധ നിയമങ്ങൾ പ്രകാരം പരിശോധിച്ച് മാത്രമേ സെക്രട്ടറിക്ക് ഫയൽ നൽകാൻ പാടുള്ളുവെന്ന് പ്രതിപാദിച്ചിട്ടുള്ളതാണെന്നും എഞ്ചിനീയറിംഗ് വിഭാഗം നടത്തുന്ന സ്ഥല പരിശോധനാ റിപ്പോർട്ട് പ്രകാരമാണ് സെക്രട്ടറി പെർമിറ്റ് അനുവദിച്ച് ഉത്തരവാകുന്നതെന്നും ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് റവന്യൂ അധികാരികൾ നൽകുന്ന ഏറ്റവും പുതിയ നികുതി രശീതും, കൈവശരേഖയുമാണ് പരിഗണിക്കുന്നതെന്നും ഈ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഡവലപ്മെന്റ് പെർമിറ്റ് പാസ്സാകുമ്പോഴോ, പുതുക്കുമ്പോഴോ 26/07/2008 തീയതിയിലെ കെ.എം.ബി.ആർ 85 പ്രകാരമുള്ള കമ്മിറ്റി തീരുമാനം എടുക്കുമ്പോഴോ ശ്രീ. ജോണി സെബാസ്റ്റ്യൻ കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയല്ലായിരുന്നുവെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരുന്നു.

6.പ്രസ്തുത കെട്ടിടത്തിന് കെ.എം.ബി.ആർ 1999 റൂൾ 85 പ്രകാരമുള്ള നിയമാനുസൃതമായ ഇളവുകൾ നൽകുന്നതിന് കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളതും ശ്രീ. ജോണി സെബാസ്റ്റ്യൻ

കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയായി ചുമതലയേൽക്കുന്നതിന് മുൻപാണെന്നും ആയതിനാൽ ശ്രീ. പി.കെ.ഉസ്മാന്റെ കെട്ടിടത്തിന് നിർമ്മാണാനുമതി നൽകുന്ന കാര്യത്തിൽ കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയായിരുന്ന ശ്രീ. ജോണി സെബാസ്റ്റ്യൻ ഔദ്യോഗിക പദവി ദുർവിനിയോഗം ചെയ്ത് കുറ്റകരമായ ഗൂഡാലോചന നടത്തി ആറാം പ്രതിക്ക് സാമ്പത്തിക നേട്ടം ഉണ്ടാക്കി എന്ന വിജിലൻസ് ആരോപണം രേഖകളുടെയോ, തെളിവുകളുടെയോ അടിസ്ഥാനത്തിൽ ബോധ്യപ്പെടുന്നില്ലെന്നും മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ കോഴിക്കോട് കോർപ്പറേഷനിലെ കാരപ്പറമ്പിൽ കച്ചേരി അംശം സർവ്വേ നമ്പർ 64.1 ൽപ്പെട്ട 6 ഏക്കർ 53 സെന്റ് സ്ഥലത്ത് ശ്രീ. പി.കെ. ഉസ്മാൻ എന്നവർക്ക് 97981.65 ച.മീറ്റർ വിസ്തീർണ്ണമുള്ള ഷോപ്പ് കം റെസിഡൻഷ്യൽ കെട്ടിടത്തിന് 22/11/2008 ൽ നൽകിയ നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട വിജിലൻസ് പരിശോധനയുടെ ഭാഗമായി കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയായിരുന്ന ശ്രീ. ജോണി സെബാസ്റ്റ്യനെ വിചാരണ ചെയ്യുന്നതിന് അനുമതി നൽകേണ്ടതില്ലെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്യുന്നു.

7.സർക്കാർ ഇക്കാര്യം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണ റിപ്പോർട്ടിന്റെയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കെട്ടിടത്തിന് നിയമാനുസൃതമായ ഇളവുകൾ നൽകുന്ന അവസരത്തിലും ശ്രീ. ജോണി സെബാസ്റ്റ്യൻ കോർപ്പറേഷനിൽ സെക്രട്ടറിയായി ചുമതലയേറ്റിട്ടില്ലായെന്ന വസ്തുത പരിഗണിച്ചും സ്ഥലപരിശോധനാ റിപ്പോർട്ടും മറ്റ് നിയമാനുസൃത ക്ലിയറൻസ് സാക്ഷ്യപത്രങ്ങളും ലഭിച്ചതിനുശേഷമാണ് ടിയാൻ കെട്ടിടത്തിന്റെ പെർമിറ്റ് നൽകുന്നതിന് നോട്ട് ഫയലിൽ നിർമ്മാണാനുമതി നൽകുന്നതിന് അംഗീകാരം നൽകിയതെന്ന വസ്തുത പരിഗണിച്ചും വിജിലൻസ് കേസ് നമ്പർ VC.09/2015/NRK-ലെ നാലാം പ്രതി മുൻ കോഴിക്കോട് കോർപറേഷൻ സെക്രട്ടറി ശ്രീ.ജോണി സെബാസ്റ്റ്യനെ കുറ്റവിചാരണ ചെയ്യുന്നതിന് അനുമതി നൽകണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പോലിസ് സൂപ്രണ്ട്, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ , ഉത്തര മേഖല, കോഴിക്കോട്.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ശ്രീ.ജോണി സെബാസ്റ്റ്യൻ, മുൻ സെക്രട്ടറി, കോഴിക്കോട് കോർപറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു1/149/2022-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 16-08-2025 15:05:08
സെക്ഷൻ ഓഫീസർ